**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3216** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ച ഭക്ഷണത്തോടൊപ്പമുള്ള പോഷകാഹാര പദ്ധതിയിൽ വിതരണം ചെയ്ത മുട്ട, പാൽ എന്നിവയുടെ തുക നൽകാൻ കുടിശികയുണ്ടോ; | (എ) | കുടിശ്ശീകയില്ല. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയിൽ വരുന്ന കുട്ടികൾക്ക് സംസ്ഥാന സർക്കാരിന്റെ സപ്ലിമെന്ററി ന്യൂട്രീഷ്യൻ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്ത മുട്ട, പാൽ എന്നിവയുടെ 2025 ജനുവരി മാസം വരെയുള്ള തുക അനുവദിച്ചിട്ടുണ്ട്. ടി തുക റിലീസ് ചെയ്ത് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ലഭിക്കുന്നില്ല.<br><br>ഉച്ച ഭക്ഷണ പദ്ധതിയിൽ കേന്ദ്രസഹായം എന്നത് ചുവടെ പറയുന്ന അഞ്ച് ഇനങ്ങൾക്ക് മാത്രമാണ് അനുവദിക്കുന്നത്.<br><br>1) cost of food grains (100% central assistance)<br><br>2) Material cost (60% central and 40% state share)<br><br>3) Honorarium to Cook – Cum - Helper (60% central and 40% state share)<br><br>4) Transportation assistance – (100% central assistance)<br><br>5) MME - (100% central assistance) |
| (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ നിന്നും പ്രധാന അധ്യാപകരെ ഒഴിവാക്കണമെന്ന ആവശ്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) | ഒരു സ്കൂളിന്റെ പൂർണ്ണ ചുമതല നിർവ്വഹിക്കുന്നത് പ്രധാന അദ്ധ്യാപകരാണ്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കി മാത്രമേ ഉച്ചഭക്ഷണ വിതരണം നടപ്പിലാക്കുവാൻ കഴിയൂ. ആയതിനാൽ നിലവിൽ പ്രധാന അധ്യാപകരെ മാത്രമേ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് ഏൽപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ